## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5581          4.07.2013-ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പ്രവർത്തനം**

**ചോദ്യം**

ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി . യു. കുരുവിള
,, മോൻസ് ജോസഫ്

**ഉത്തരം**

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പട്ടികജാതി സമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | 11/01/2012-ലെ സ.ഉ(കൈ) 6/12/ പജപവവിവ പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി, എന്നിവ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള ആനുകൂല്യങ്ങളാണ് ഇപ്പോൾ അനുവദിച്ച് വരുന്നത്. 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്സി. വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രതിമാസ സ്കോളർഷിപ്പും, അഡ്ഹോക്ക് ഗ്രാന്റും ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേക്കായി Direct Benefit Transfer System നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2012-13 അദ്ധ്യയന വർഷത്തിൽ എം.ബി.ബി.എസ്/ ബി.ടെക് കോഴ്സുകൾക്ക് 1-ാം വർഷവും 2-ാം വർഷവും പഠിച്ചിരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് അനുവദിച്ചു. പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ വർഷാരംഭത്തിൽ തന്നെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നു. പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നു. അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സൗകര്യവും |

(തുടർച്ച...2)

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് e-Z-pay card സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഹോസ്റ്റലുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകൾ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മെസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലും പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികളുടെ പ്രവേശന മാനദണ്ഡം തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസലും ഹോസ്റ്റലിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (സി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും Students Police Cadet, Band Troop, എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ റസിഡൻഷ്യൽ സ്കൂളുകളിലെ മെസ്സ് ചാർജ് വർദ്ധിപ്പിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. |
| (ഡി) | ഹോസ്റ്റലുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ അവയുടെ നവീകരണ പ്രവർത്തനങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നടപ്പിലാക്കിവരുന്നത്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി 2013-14 വർഷത്തിൽ 'വിദ്യോദയം' എന്ന പരിപാടിയിലൂടെ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

Sali K T

**സെക്ഷൻ ഓഫീസർ**